**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2750** **24-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയനിലെ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോത്പാദക യൂണിയനിൽ സീനിയർ ആഡിറ്റർ സുനിൽ കുമാർ വി. യും അസിസ്റ്റൻ്റ് ഡയറക്ടർ / കൺകറൻ്റ് ആഡിറ്റർ റസൂൽ ഖാൻ ഐ. യും ചേർന്ന് 2024 ജനുവരി ഒന്നിന് സമർപ്പിച്ച 1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 64 (10) പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടിൽ മേഖല യൂണിയന് 93,40,970/- രൂപ നഷ്ടമുണ്ടായതായി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ ? | (എ) | തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ 2022-23 ഓഡിറ്റ് നടത്തിയതിനോട് അനുബന്ധിച്ച് ബന്ധപ്പെട്ട ഓഡിറ്റർമാർ വകുപ്പ് 64(10) പ്രകാരം ഭരണനിയന്ത്രണ വകുപ്പായ ക്ഷീരവികസന വകുപ്പിന് സമർപ്പിച്ച അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് പ്രകാരം 93,40,970/- രൂപ മേഖലാ യൂണിയന് നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.<br><br>പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം മേഖലാ യൂണിയന്റെ മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമായതിനുശേഷം ആയത് പരിശോധിച്ച് ആവശ്യമെങ്കിൽ കേരള സഹകരണനിയമം ബന്ധപ്പെട്ട വകുപ്പും ചട്ടങ്ങളും പ്രകാരം പ്രസ്തുത അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടിൽ പ്രതിപാദിച്ചതു പ്രകാരമുള്ള സമഗ്രമായ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ